STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.26/PR/SPMC/PHQ/2026 Date: 23.01.2026

## പുതിയ പൊലീസ് കെട്ടിടങ്ങളുടേയും "റെയിൽ മൈത്രി" മൊബൈൽ ആപ്ലിക്കേഷൻ്റേയും ഉദ്ഘാടനം നാളെ (24.01.2026, ശനിയാഴ്ച്ച) മുഖ്യമന്ത്രി നിർവഹിക്കും

കേരള പൊലീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിർമ്മാണം പൂർത്തിയാക്കിയ പൊലീസ് മന്ദിരങ്ങൾ, പുതിയ കെട്ടിടങ്ങളുടെ തറക്കല്ലിടൽ, കേരള റെയിൽവേ പോലീസിന്റെ "**റെയിൽ മൈത്രി**" എന്ന പുതിയ മൊബൈൽ ആപ്ലിക്കേഷൻ, തിരുവനന്തപുരം കെമിക്കൽ എക്സാമിനേഷൻ ലാബോറട്ടറി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ശിലാസ്ഥാപനം എന്നിവ 2026 ജനുവരി 24 (ശനിയാഴ്ച്ച) രാവിലെ 11 മണിക്ക് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിലെ മൈൻഡ് ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും.

വിവിധ ജില്ലകളിലായി നിർമ്മാണം പൂർത്തിയാക്കിയ 13 പോലീസ് മന്ദിരങ്ങളുടെ ഉദ്ഘാടനവും പത്ത് കെട്ടിടങ്ങളുടെ ശിലാസ്ഥാപനവുമാണ് അദ്ദേഹം നിർവ്വഹിക്കുന്നത്.

കൂടാതെ പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കേരള റെയിൽവേ പോലീസ് തയ്യാറാക്കിയ "**റെയിൽ മൈത്രി**" എന്ന പുതിയ മൊബൈൽ ആപ്ലിക്കേഷന്റെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിക്കും.

പൊതുവിദ്യാഭ്യാസം & തൊഴിൽ വകുപ്പുമന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡോ.ശശി തരൂർ എം.പി, വി.കെ പ്രശാന്ത് എം.എൽ.എ, മേയർ വി.വി രാജേഷ്, കൗൺസിലർ ജി.വേണുഗോപാൽ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, എ.ഡി.ജി.പി എസ്. ശ്രീജിത്ത്, മുതിർന്ന പോലീസ് ഓഫീസർമാർ, ജനപ്രതിനിധികൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

************************